പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1460 16-10-2026-ൽ മറുപടിയ്ക്ക്

തിരുവമ്പാടി ഫാം ടൂറിസം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. സി. കെ. കാസിം	ശ്രീ. ടി. സിദ്ദീഖ് (കൃഷി വകുപ്പ് മന്ത്രി)

(എ) മലയോര കാർഷിക മേഖലയായ തിരുവമ്പാടി നിയോജക മണ്ഡലത്തിലെ ഏറ്റവും പ്രധാന പ്രോജക്ടായ ഫാം ടൂറിസത്തിന്റെ ഭാഗമായി ആറോളം ഫാം ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഉള്ള ഈ മേഖലയുടെ വികസനത്തിന് സ്പെഷ്യൽ പാക്കേജ് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

മറുപടി: (എ) കോഴിക്കോട് ജില്ല പഞ്ചായത്ത്, കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത്, വിവിധ ഗ്രാമപഞ്ചായത്തുകൾ എന്നിവയുടെ നേതൃത്വത്തിൽ തിരുവമ്പാടി, കോടഞ്ചേരി, പുതുപ്പാടി, ഓമശ്ശേരി, കൂടരഞ്ഞി എന്നീ പഞ്ചായത്തുകളിൽ 35 ഓളം കർഷകരെ ചേർത്തുകൊണ്ട് തങ്ങളുടെ കൃഷിയിടങ്ങളിൽ നിന്നും അധിക വരുമാനം ലഭ്യമാകത്തക്ക വിധത്തിൽ ഫാം ടൂറിസം കേന്ദ്രങ്ങൾ ആക്കി ഉയർത്തുന്നതിന് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ജനകീയാസൂത്രണ പദ്ധതിയിലൂടെ നൽകിയിട്ടുണ്ട്. ആത്മപദ്ധതിയുടെ ഭാഗമായി വിവിധ പരിശീലന പരിപാടികളും ഫാം ടൂറിസം കേന്ദ്രങ്ങളിൽ കർഷകർക്ക് നടത്തിയിരുന്നു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ആത്മപദ്ധതിയുടെ ഭാഗമായി രൂപീകരിച്ച ജൈവഗൃഹം മാതൃകാ കൃഷിയിടങ്ങളിൽ പലതും ഫാം ടൂറിസം പദ്ധതിയുടെ ഭാഗമായിരുന്നു. ഈ വർഷം കേരളത്തിൽ ഫാം ടൂറിസം പദ്ധതിക്കായി കൃഷി വകുപ്പ് 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ